## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **06-12-2022 - ൽ മറുപടിയ്ക്ക്**

## സംരംഭക പരിശീലന പരിപാടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പ് പൊതുജനങ്ങൾക്കായി നടത്തുന്ന സംരംഭക പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റു ലൈൻ ഡിപ്പാർട്ട്മെന്റു-കളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തിവരുന്നു.<br><br>പൊതു ജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ജില്ലാ/ താലൂക്ക്/ ബ്ലോക്ക്/ ഗ്രാമ തലങ്ങളിൽ സംരംഭകത്വ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്നനിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലും, |

| | | | |
|---|---|---|---|
| | | | സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈ പുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതു ബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശീലനം ലഭിക്കുന്നവർ ആരംഭിക്കുന്ന സംരംഭങ്ങൾ വിജയകരമാക്കാൻ സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; | (ബി) | സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. താഴെ പറയുന്ന വിവിധ സേവനങ്ങൾ ഇതിലുൾപ്പെടുന്നു.<br><br>1. **എം.എസ്.എം.ഇ ക്ലിനിക്ക്:** സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയനിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എംപാനൽ ചെയ്ത് എം.എസ്.എം.ഇ ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് സംശയ നിവാരണത്തിനുള്ള അവസരം ലഭിക്കുന്നതാണ്.<br><br>2. **എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ**: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എംഎസ്എംഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സണെ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.<br><br>3. **സംരംഭകവർഷവുമായി ബന്ധപ്പെട്ട പദ്ധതികൾ:** കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് |

| | | | | |
|---|---|---|---|---|
| | | | | കൈത്താങ്ങ് നൽകാനും വേണ്ടി ഇന്റേൺണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>4. **വിപണനത്തിനുള്ള സഹായങ്ങൾ-**സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിലും അതുപോലെ നഗരസഭാ തലത്തിലും എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്.<br><br>കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്‌ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. GEM PORTAL ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>5. **കാൾസെന്റർ -** സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ കാൾസെന്റർ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ജീവനക്കാർ / അധ്യാപകർ എന്നിവർക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത വിഭാഗത്തിന് സംരംഭങ്ങൾ ആരംഭിക്കുവാൻ അർഹതപ്പെട്ട അവധി അനുവദിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം രീതിയിൽ സർക്കാർ ജീവനക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ